**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** **17-03-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായത്തിന്റെ ആധുനികവല്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി യു പ്രതിഭ ,<br>ഡോ സുജിത് വിജയൻപിള്ള | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം ആധുനികവല്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആധുനിക വൽക്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21ൽ 13.5 കോടി രൂപ കശുവണ്ടി വികസന കേർപ്പറേഷന് അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപുര, തൊഴിലാളികൾക്ക് ആവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ഇൻസിനറേറ്ററുകൾ പിടിപ്പിച്ച ശൗചാലയം, ആന്തരിക ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, കാഷ്യൂപാർക്ക്, സി.സി.ടി.വി സർവൈലൻസ് ക്യാമറ, കട്ടിംഗ് മെഷീനുകൾ, വൃത്തിയുള്ള പരിസരം, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമ്മൽ സിസ്റ്റം, ആവശ്യത്തിന് കാറ്റും വെളിച്ചവും ഷെഡുകളിൽ ലഭിക്കുന്നതിനുള്ള സംവിധാ നവും ഭാഗികമായ യന്ത്രവൽക്കരണവും നടപ്പിലാക്കിയിട്ടുള്ളതാണ്. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി അനുവദിച്ച 5.19 കോടി രൂപ വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും, കാപ്പെക്സിന്റെ ഹെഡ്ഡോഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് സി.സി ടിവികൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, |

| | | | |
|---|---|---|---|
| | | | പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്താനാവശ്യമായ സാമ്പത്തിക ഇടപെടൽ, മാർക്കറ്റിംഗ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ പ്രസ്തുത പദ്ധതി പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പരിഗണിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും പ്രത്യേക തുക കോർപ്പറേഷന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ ഉല്പന്നങ്ങളുടെ ബ്രാൻഡ് ബിൽഡിംഗിനായും തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ട്. കശുവണ്ടി പരിപ്പിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യു പൗഡർ, കാഷ്യു വിറ്റ, കാഷ്യു ബിറ്റ്സ്, ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യു സോഡ, കാഷ്യു ആപ്പിൾ ജ്യൂസ്, കാഷ്യു സ്ക്വാഷ്, കാഷ്യു പൈൻ ജാം എന്നിവയും കോർപ്പറേഷൻ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി ഫ്രാഞ്ചൈസികൾ, ഫാക്ടറി ഔട്ട്ലെറ്റുകൾ മുതലായവ സ്ഥാപിക്കുകയും കൂടാതെ കുടുംബശ്രീ ജില്ലാമിഷൻ വിപണന ശൃംഖല വഴിയും കുടുംബശ്രീ വനിതകൾ അടങ്ങിയ സംരംഭക ഗ്രൂപ്പുകൾ, കുടുംബശ്രീ കഫേകൾ, പിങ്ക് കഫേകൾ, കുടുംബശ്രീ ഹോം ഷോപ്പ് എന്നീ സംരംഭങ്ങൾ, ഡിസ്ട്രിബ്യൂട്ടേഴ്സ് മുഖാന്തിരവും, ശബരിമല ഔട്ട്ലെറ്റ് തുറന്നും വിപണനം വിപുലമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കൂടുതൽ വിപണന സാധ്യത ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ വിപണിയിലെ മാറ്റങ്ങൾക്കനു സൃതമായി കാഷ്യു കോർപ്പറേഷന്റെ ഓൺലൈൻ വെബ്സൈറ്റ് വഴിയും ആമസോൺ വഴിയും കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും വിപണനം ശക്തിപ്പെടുത്തുന്നുണ്ട്. കോർപ്പറേഷന്റെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന തിനാവശ്യമായ നടപടികളും നടന്നു വരുന്നു. കാപ്പക്സ് കാപ്പക്സിന് വർഷാവർഷം പദ്ധതി |

| | | | |
|---|---|---|---|
| | | | വിഹിതത്തിൽ ദേശീയ വിപണിയിലും, അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും (H/A-2852-08-600-81) എന്ന കണക്കിന ത്തിൽ പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 2016-21 കാലയളവിൽ കാപ്പക്സിന് 2.40 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ / സെമിനാറുകളിൽ പങ്കെടുക്കുകയും, പത്ര പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും, മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് ആന്റ് സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉത്പ്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിൽപ്പന നടത്തി വരികയും ചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിനും, ഫ്രാഞ്ചൈസി സെയിൽസിനും, മുൻഗണന നടത്തി വരികയാണ്. കൂടാതെ വിവിധ സർക്കാർ ഔട്ട്ലെറ്റുകൾ, പോലീസ് കാന്റീനുകൾ, കൺസ്യൂമർ ഫെഡ് മുതലായവ വഴി വിൽപ്പന നടത്തുകയും ചെയ്തു വരികയാണ്. കാപ്പക്സിന് നിലവിൽ 4 ഔട്ട്ലെറ്റുകൾ കാപ്പക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ തുടങ്ങുകയും അതുവഴി വിൽപ്പന നടത്തി വരികയും ചെയ്തു വരികയാണ്. 2016-17 കാലയളവിൽ 45.84 കോടി രൂപയും, 2017-18 കാലയളവിൽ 86.86 കോടി രൂപയും, 2018-19 കാലയളവിൽ 76.51 കോടി രൂപയും, 2019-20 കാലയളവിൽ 85.18 കോടി രൂപയും, 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപ്പക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും കാപ്പക്സിന് ലഭിക്കുകയുണ്ടായി. 28-02-2022 വരെ 57.52 കോടി രൂപയുടെ വിറ്റുവരവ് കാപ്പെക്സ് കൈവരിക്കുകയുണ്ടായി. കാപ്പക്സ് ഫാക്ടറികൾ എല്ലാം തന്നെ നിലവിൽ തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്. |
| (സി) | സ്വകാര്യ കശുവണ്ടി വ്യവസായത്തിന് കൈത്താങ്ങായി സർക്കാർ പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതനുസരിച്ച് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പി ക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം തുറന്നു പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 കശുവണ്ടി |

ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ വഴി നൽകുകയുണ്ടായി. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്ന് 06.02.2019 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC യ്ക്ക് അനുവദിക്കുകയും ചെയ്തിരുന്നു. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയും കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30.12.2021ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. 1. 31.01.2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2. 2 കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കു ന്നതാണ്. 3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31.03.2022-നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്. 5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Paymentആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്. മേൽ യോഗ തീരുമാന പ്രകാരം വ്യവസായികൾ ബാങ്കുകളുമായി കരാറിൽ

| | | | |
|---|---|---|---|
| | | | ഏർപ്പെടുന്നതോടെ കോവിഡ് മൂലം അടച്ചിടൽ നേരിടേണ്ടി വന്ന ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും വിലയിരുത്തു ന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18.01.2022ൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പക്സ്/കാഷ്യൂബോർഡ്/ കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പ് നൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു ന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുത്തു. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തി നുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 95 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണ ത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ